**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 410** **28-06-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെൻഷൻ അദാലത്തിന്റെ ഭാഗമായി എൺപത് വയസ്സ് കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് വീട്ടുപടിക്കൽ എത്തി ചെയ്യാനുള്ള 2022-23 ബജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സർക്കാർ ഇതുവരെ എടുത്ത നടപടികൾ വ്യക്തമാക്കുമോ? | (എ) | നിലവിൽ ചുവടെ നിർദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് മസ്റ്റർ ചെയ്യുവുന്നതാണ്.<br>• ട്രഷറിയിൽ നേരിട്ട് ഹാജരായി<br>• ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്<br>• ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്<br>• വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി<br>• Postinfo App ഉപയോഗിച്ച്<br>മേൽ പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത ബാങ്ക് വഴിയോ ട്രഷറി വഴിയോ പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ബോധ്യപ്പെടുന്ന പക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതാത് ട്രഷറി ഓഫസിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദേശം നൽകുന്ന വിഷയം 1544002 PWC-A1/27/2020-FIN എന്ന ഫയലിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ